


# FLY FORWARD

LK-33028

# ആശംസ

നമ്മളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമഫലമായി തയാറാക്കിയ *"FLY FORWARD"* എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

യമുന എസ് നായർ

ഹെഡ്മിസ്ട്രസ്സ്

ഉള്ളടക്കം

ആശംസ....................................................................................3
ചരിത്ര മുഹൂർത്തം.........................................................................4
ഭരതനാട്യം.................................................................................5
ചിന്താവിഷയം.............................................................................6
ഐടി ക്വിസ്.................................................................................7
ലഹരി വിരുദ്ധ പോസ്റ്റർ..............................................................8
വിനോദയാത്ര...............................................................................9
കവിത..........................................................................................10
ദേശീയഗാനം................................................................................11

# ചരിത്ര മുഹൂർത്തം

നവതി ആഘോഷത്തിന്റെ ഭാഗമായി കാരാപ്പുഴ എൻ എസ് എസ്
സ്കൂളിലെ 90 കുട്ടികൾ ചേർന്ന് അവതരിപ്പിച്ച
മെഗാതിരുവാതിരയിൽനിന്ന്............



# ഭരതനാട്യം



ഭാരതീയ നൃത്തങ്ങളിൽ മുഖ്യസ്ഥാനത്തുള്ളത് കൊണ്ടാവാം ഭരതനാട്യം എന്ന പേർ ലഭിച്ചത്. ഭാവ-രാഗ-താളങ്ങളുടെ ആദ്യാക്ഷരങ്ങളോട് നാട്യം കൂടിചേർത്ത് ഭരതനാട്യം എന്ന പേർ ഈ നൃത്തത്തിന് സിദ്ധിച്ചുവെന്ന് വേദാന്തദീക്ഷിതരെപ്പോലുള്ള നാട്യാചാര്യന്മാർ അഭിപ്രായപ്പെടുന്നു. ഭാരതത്തിലെ എല്ലാ നാട്യങ്ങളേയും പോലെ ഭരതനാട്യത്തിന്റെ ആത്മീയമായ അടിസ്ഥാനം സുവിധിതമാണ്. നാട്യകലയിലുള്ള ഏകാഗ്രതയിലൂടെ സിദ്ധമാകുന്ന അനുഭൂതിയും, ആത്മസാക്ഷാത്കാരയത്നത്തിലൂടെയുള്ള അനുഭൂതിയും സമാനമാണെന്ന് നാട്യാചാര്യന്മാർ അഭിപ്രായപ്പെടുന്നു.

ഭരതമുനി, നാട്യശാസ്ത്രത്തെ നിർമ്മിച്ചതുകൊണ്ടുമാവാം ഭരതനാട്യം എന്ന പേർ ലഭിച്ചത് എന്നും പറയപ്പെടുന്നു.ബ്രഹ്മാവ് സൃഷ്ടിച്ച നാട്യവേദത്തിന്റെ അടിസ്ഥാനത്തിൽ ഭരതമുനി നാട്യശാസ്ത്രം നിർമ്മിച്ചുവെന്നാണ് ഐതിഹ്യം.

നാട്യത്തിന്റെ രാജാവ് എന്ന അർത്ഥത്തിലാണ് ശിവന് നടരാജൻ എന്ന പേരുണ്ടായത്. ഈ പ്രപഞ്ചം തന്നെ ശിവന്റെ നടനശാലയാണ് എന്നാണ് വിശ്വാസം. പ്രപഞ്ചസൃഷ്ടിയുടെ സമയത്ത് ആദ്യം കേൾക്കുന്ന നാദം, ശിവനൃത്തസമയത്തുള്ള ശിവന്റെ ഡമരുവിന്റെ നാദമാണെന്നും. അനേകം ശിവനൃത്തങ്ങളെപ്പറ്റി പ്രകീർത്തിക്കുന്ന ശൈവഗ്രന്ഥങ്ങളുണ്ട്. എല്ലോറയിലും ഭുവനേശ്വരിലും ശിവന്റെ പത്ത് കൈകളുള്ള താണ്ഡവനൃത്തമാതൃകകൾ കാണുന്നുണ്ട്. ഏറ്റവും പ്രസിദ്ധമായത് ചിദംബരത്തെ നടരാജനൃത്തവിഗ്രഹമാണ്. ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങളിൽ കാണുന്ന നടരാജവിഗ്രഹങ്ങളിൽ എല്ലാം നാട്യശാസ്ത്രവിധിപ്രകാരമുള്ള കരണങ്ങളുടെ മാതൃകകൾ കാണാവുന്നതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സംഗീതവും നൃത്തവും പാരമ്പര്യമായി അഭ്യസിക്കുകയും ക്ഷേത്രങ്ങളിൽ അവതരിപ്പിക്കുകയും ചെയ്ത് വന്നിരുന്ന ചിന്നയ്യ സഹോദരന്മാരാണ് ഭരതനാട്യത്തെ ഇന്നത്തെ നിലയിൽ വളർത്തിയെടുത്തത്. തഞ്ചാവൂരിലെ ഒരു ദേവദാസി കുടുംബത്തിലാണ് ചിന്നയ്യ, പൊന്നയ്യ, ശിവാനന്ദം, വടിവേലു എന്നീ സഹോദരന്മാർ ജനിച്ചത്. കർണ്ണാടകസംഗീതത്തിലെ ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന ത്യാഗരാജനും, മുത്തുസ്വാമി ദീക്ഷിതരും, ശ്യാമശാസ്ത്രിയും ജീവിച്ചിരുന്ന കാലത്ത് മുത്തുസ്വാമി ദീക്ഷിതരുടെ പക്കൽ നിന്ന് സംഗീതം അഭ്യസിക്കാൻ ഈ സഹോദരന്മാർക്ക് ഭാഗ്യം ഉണ്ടായി. അക്കാലത്ത് തഞ്ചാവൂർ ഭരിച്ചിരുന്നത് മറാഠാ രാജാക്കന്മാരായിരുന്നു. ഇവർ കലകൾക്ക് വളരെയധികം പ്രോത്സാഹനം നൽകിവന്നിരുന്നു. തമിഴ്നാട്ടിലെ മിക്ക ക്ഷേത്രങ്ങളിലും ഈശ്വരാരാധന എന്ന നിലയിൽ സംഗീതകച്ചേരികളും നൃത്തവും നടത്തിവന്നിരുന്നു. നൃത്തം അവതരിപ്പിക്കാനുള്ള അവകാശം ദേവദാസി കുടുംബങ്ങൾക്ക് മാത്രമായിരുന്നു. ദേവദാസികൾ അക്കാലത്ത് നടത്തിയിരുന്ന നൃത്തം സദിർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. രാജസദസ്സുകളിലും പ്രഭു കുടുംബങ്ങളിലും സദിർ നടത്തപ്പെട്ടിരുന്നു. ദേവദാസികുടുംബത്തിലെ പാരമ്പര്യത്തിൽ വളരുകയും കലകളിൽ വിദ്വാന്മാർ ആകുകയും ചെയ്ത ചിന്നയ്യ സഹോദരന്മാർ സദിരാട്ടത്തെ പരിഷ്കരിക്കാൻ തീരുമാനിച്ചു. ശാസ്ത്രീമായ കാഴ്ചപാടോടെ പുതിയ അവതരണരീതിയും അതിനാവശ്യമായ കൃതികളും അവർ തന്നെ രചിച്ച് ചിട്ടപ്പെടുത്തി. സദിരിൽ ഉപയോഗിച്ച് വന്നിരുന്ന അടവുകളും അവയുടെ പരിശീലനവും ശാസ്ത്രീയമായി പരിഷ്കരിച്ചു.അങ്ങനെ പരിഷ്കരിച്ച അവതരണരീതിയിലുള്ള നൃത്തം പിന്നീട് ഭരതനാട്യം എന്ന പേരിൽ അറിയപ്പെട്ടു.

**Kavery.s**


All birds find shelter during a rain. But Eagles avoid rain by flying above the clouds. Problems are common, but attitude make the difference.
Mahalakshmi

# Quiz Time



**1) What is a light pen?**
*Optical input device*

**2) First page of Website is termed as?**
*Homepage*

**3) The term 'Computer' is derived from……….?**
*Latin*

**4) Who is the father of personal computer?**
*Edward Robert*

**5) CD-ROM stands for?**
*Compactable Read Only Memory*

**6) The output quality of a printer is measured by?**
*Dot per sq. inch*

7**) Human beings are referred to as Homosapinens, which device is called Sillico Sapiens?**
*Computer*

**8)Who designed the first electronics computer – ENIAC?**
*J. Presper Eckert and John W Mauchly*

` *D. Roja*






Muhammed Ashik




# വിനോദയാത്ര

ദരിദ്ര കുടുംബത്തിൽ ജീവിക്കുന്ന കുട്ടിയാണ് ഉണ്ണി. പഠനത്തിൽ മികവ് പുലർത്തിയിരുന്ന കുട്ടിയായിരുന്നു അവൻ. ദരിദ്രനായ കാരണത്താൽ അവനിൽനിന്നും സഹപാഠികൾ അകലം പാലിച്ചിരുന്നു. അധ്യാപകരുടെ സഹായത്താൽ അവന് സ്കൂളിൽനിന്നും വിനോദയാത്രക്ക് പോകാൻ അവസരം ലഭിച്ചു. അഞ്ചുദിവസത്തേക്കുള്ള യാത്രയായിരുന്നു അത്.
വിനോദയാത്രയുടെ ആദ്യത്തെ ദിവസം.
തേക്കടിയിലേക്കായിരുന്നു അവരുടെ യാത്ര. ആദ്യത്തെ ദിവസം ബസ്സിലൂടെയുള്ള യാത്രയായിരുന്നു. രണ്ടാം ദിവസം അഥവാ അവിടെ എത്തിയതിനു ശേഷമുള്ള ആദ്യത്തെ ദിവസം. ആ ദിവസം രാവിലെ അവർ താമസിക്കുന്ന വീടിനരികെയുള്ള ചായക്കടയിൽ ചായകുടിക്കാൻ അവൻ ചെന്നു. അപ്പോൾ ചായക്കടയുടെ അരികിൽ ഒരു വൃദ്ധനെ അവൻ കാണുന്നു. കണ്ട മാത്രയിൽ തന്നെ അവന് അദ്ദേഹത്തോട് സഹതാപം തോന്നുന്നു. മക്കളാൽ ഉപേക്ഷിക്കപ്പെട്ടവനും ദരിദ്രനുമാണ് ആ വൃദ്ധനെന്ന് അവൻ ചായക്കടക്കാരനോട് ചോദിച്ചറിഞ്ഞു. അദ്ദേഹത്തെ സഹായിക്കണമെന്ന ചിന്ത അവന്റെ മനസ്സിലുണ്ടായി. ആ വൃദ്ധന് അവന്റെ കൈയിലിരുന്ന കുറച്ചു പണംകൊണ്ട് ആഹാരം വാങ്ങികൊടുത്തു. ഇത്രയും ദിവസം സ്നേഹം ലഭിക്കാതെ ജീവിച്ചിരുന്ന വൃദ്ധന് ഉണ്ണിയിൽ നിന്നും ലഭിച്ച സ്നേഹം ജീവിതത്തിലേക്ക് അദ്ദേഹത്തെ തിരിച്ചെത്തിച്ചു.
മൂന്നാം ദിവസം...
ഉണ്ണിയും വൃദ്ധനും അങ്ങോട്ടും ഇങ്ങോട്ടും പ്രകടിപ്പിച്ച സ്നേഹം ഇത്രയും നാൾ അവരിരുവർക്കും ലഭിക്കാത്ത ഒന്നായിരുന്നു. ഇത്രയും നാൾ അവരിരുവരുടേയും ജീവിതത്തിൽ മനസ്സുതുറന്നു ചിരിച്ചത് ഇരുവരും കണ്ടുമുട്ടിയതിന് ശേഷമാണ്. അന്ന് രാവിലെ അദ്ധ്യാപകർ ഉണ്ണിയോട് എവിടേയ്ക്കാണ് പോയതെന്ന് അന്വേഷിച്ചു. അപ്പോൾ ഉണ്ണി അന്ന് നടന്ന
സംഭവങ്ങൾ എല്ലാം അദ്ധ്യാപകരെ അറിയിച്ചു. അദ്ധ്യാപകർ അവന്റെ കൈയിൽ കുറച്ച് പണം
കൊടുത്ത് വൃദ്ധനെ സഹായിക്കാൻ നിർദേശിച്ചു. അദ്ധ്യാപകർ നൽകിയ പണം കൊണ്ട് വൃദ്ധന് അവൻ ഒരു ജോടി വസ്ത്രം വാങ്ങി കൊടുത്തു. പുതിയ വസ്ത്രം ധരിച്ച് മുഖത്ത് നിറയെ പുഞ്ചിരിയോടെ നടന്നു വന്ന വൃദ്ധനെ കണ്ടപ്പോൾ ഉണ്ണിയുടെ കണ്ണുകൾ നിറഞ്ഞു. അവരുടെ ജീവിതത്തിലെ സന്തോഷമായ നിമിഷങ്ങളിലൂടെയായിരുന്നു അവർ സഞ്ചരിച്ചത്. രാവിലത്തെ ഇവരുടെ കൂടിക്കാഴ്ച്ചക്ക് ശേഷം ഉണ്ണി തന്റെ സഹപാഠികളുമായി വിനോദയാത്ര ആസ്വദിച്ചു.
നാലാം ദിവസം...
വിനോദയാത്ര മൂലം അന്നത്തെ ദിവസം മുഴുവൻ ഉണ്ണിക്ക് വൃദ്ധനെ കാണാൻ സാധിച്ചില്ല.
അഞ്ചാം ദിവസം
വൃദ്ധനെ കാണാൻ രാവിലെ തന്നെ ഉണ്ണി ചായക്കടയിലേക്ക് പോയി. അവിടെയെല്ലാം തിരഞ്ഞിട്ടും വൃദ്ധനെ കാണാൻ സാധിച്ചില്ല. ഉണ്ണി വൃദ്ധനെവിടെയെന്ന് ചായക്കടക്കാരനോട് അന്വേഷിച്ചു. അന്ന് രാവിലെ റോഡ് മുറിച്ചു കടക്കുമ്പോൾ വണ്ടിയിടിച്ച് വൃദ്ധൻ മരണപ്പെട്ട വിവരം
ചായക്കടക്കാരൻ ഉണ്ണിയെ അറിയിച്ചു. താൻ സ്വന്തം മുത്തച്ഛനെപ്പോലെ കണ്ട വ്യക്തി ഇന്ന് ഈ ലോകത്ത് ഇല്ലെന്ന സത്യം അവന് താങ്ങാൻ കഴിഞ്ഞില്ല. അരക്ഷിതമായ വാർദ്ധക്യത്തിനുദാഹരണമായ ഇതുപോലെയുള്ള വയോജനങ്ങളുടെ കാര്യമോർത്ത് ഉണ്ണി തന്റെ മടക്കയാത്രയ്ക്കൊരുങ്ങി; തന്റെ പുതിയ ജീവിത യാത്രയിലേക്ക്
-സുമംഗലദേവി



*MATERNITY*



When I was in world of dream....
I Saw a beautiful lady...
in her hand there is a small towel
I heared a little noice of cry
the lady says something to the towel
it stops the crying....
she hugs it;she care it well

When the towel changes to a
coat and sueit ...
It jump from the hand of the lady.....
and push her to the depth
the depth of sorrow.....

Then the lady was alone......
nobody take her from the depth
she cry ,cry loudly;she can
The one who send her to the earth ,
The one who give a life to her
The one who inspire her to live.....
only hear her cry;the of maternity

He gave a ladder to her
she starts to climb it...
at last she came at the world ...
the world of stars......
the world of angels.....
the world of happiness...
then she came in front of the man
who gave the ladder to her......

when she saw him.....
it looks like a Mirror
she sees her own image in it
then she realize that
she is THE WHOLE ;THE MATERNITY.

Snehith Pradeep

# जन गण मन



जन–गण–मन अधिनायक जय हे
भारत–भाग्य–विधाता ।
पंजाब सिंध गुजरात मराठा
द्राविड़ उत्कल बंग ।
विंध्य हिमाचल यमुना गंगा,
उच्छल जलधि तरंग ।
तव शुभ नामे जागे,
तव शुभ आशिष माँगे;
गाहे तव जय गाथा ।
जन–गण मंगलदायक जय हे,
भारत–भाग्य–विधाता ।
जय हे, जय हे, जय हे,
जय जय जय, जय हे ।।